മലയാള മനോരമ 21 February 2022



ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പൊട്ടുവെള്ളരി കൃഷി ചെയ്യുന്ന ആലങ്ങാട്ടെ തോട്ടങ്ങളിൽ ഒരെണ്ണം.

# പൊട്ടുവെള്ളരി ജനകീയമാക്കാൻ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം

■ വിളവെടുപ്പു ഉത്സവവും പ്രദർശനവും 24ന് ആരംഭിക്കും

ആലങ്ങാട് ● വേനൽച്ചൂടിൽ വെന്തുരുകുന്നവർക്ക് ആശ്വാസമേകാനും തനി നാടൻ വിഭവമായ പൊട്ടുവെള്ളരിയെ കൂടുതൽ ജനകീയമാക്കാനും ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം മുന്നിട്ടിറങ്ങുന്നു.

ഇതിന്റെ ഭാഗമായി, ആലങ്ങാട് പഞ്ചായത്തിലെ വിവിധയിടങ്ങളിൽ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ പൊട്ടുവെള്ളരി പ്രദർശന കൃഷിയുടെ വിളവെടുപ്പ്പു ജനകീയ പങ്കാളിത്തത്തോടെ നടത്തുന്നു.

ആലങ്ങാട് കല്ലുപാലം നല്ലേലിപ്പടി വർഗീസിന്റെ തോട്ടത്തിൽ വച്ചു 24 നു നടക്കുന്ന വിളവെടുപ്പു ഉത്സവത്തിൽ വിവിധ തരം പൊട്ടുവെള്ളരി ജ്യൂസുകൾ ജനങ്ങളെ പരിചയപ്പെടുത്തും. ഒപ്പം ഈ നാടൻ വിഭവത്തിന്റെ ഗുണമേന്മയെ കുറിച്ചുള്ള ബോധവൽക്കരണവും ഇവയുടെ ജ്യൂസുകൾ തയാറാക്കാൻ വിദഗ്ധർ നയിക്കുന്ന ക്ലാസുകളുമുണ്ടാകും.

വേനൽ കടുത്തതോടെ പഴങ്ങൾക്ക് ആവശ്യക്കാരേറുന്ന ഈ സമയത്തു ഏറെ ഗുണമേന്മയുള്ളതും നാട്ടിൻപുറങ്ങളിൽ കൃഷി ചെയ്ത് ഉൽപാദിപ്പിക്കുന്നതുമായ പൊട്ടുവെള്ളരിയെയും അവയുടെ ജ്യൂസിനെയും ജനകീയമാക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

ആലങ്ങാട്, കരുമാലൂർ, നെടുമ്പാശേരി, മാഞ്ഞാലി, കടുങ്ങല്ലൂർ എന്നീ പാടങ്ങളിൽ നെൽക്കൃഷിക്കു ശേഷം 600 ഏക്കറോളം ഭാഗത്തു പൊട്ടു വെള്ളരി കൃഷി ചെയ്യുന്നുണ്ട്. പൊട്ടുവെള്ളരി കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്കു ജില്ലാ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം മാർഗനിർദേശങ്ങൾ നൽകും.9746469404.